## 454

1 ഒന്നേയുള്ളെനിക്കാനന്ദമുലകിൽ യേശുവിൻ സന്നിധിയണയുവതേ
അന്നേരം മമ മാനസഖേദം ഒന്നായകലും വെയിലിൽ ഹിമംപോൽ

2 മാനം ധനമീ മന്നിൻ മഹിമകളൊന്നും ശാന്തിയെ നൽകാതാം
ദാഹം പെരുകും തണ്ണീരൊഴികെ ലോകം വേറെ തരികില്ലറിക-

3 നീർത്തോടുകളിൽ മാനെപ്പോലെൻ മാനസമീശനിൽ സുഖം തേടി
വറ്റാജീവജലത്തിൻ നദിയെൻ വറുമയെയകറ്റി നിർവൃതിയരുളി-

4 തൻബലിവേദിയിൽ കുരികിലും മീവലും വീടും കൂടും ക തുപോൽ
എൻബലമാം സർവ്വേശ്വരനിൽ ഞാൻ സാനന്ദമഭയം തേടും സതതം-

5 കണ്ണീർ താഴ്‌വരയുറ നിക്കനവധി മന്നിൽ ജീവിത പാതയതിൽ
എന്നാലും ഭയമെന്തിനെന്നരികിൽ
നന്നായവൻ കൃപമഴപോൽ ചൊരികിൽ- **M.E.C.**